# വ്യവസായ കേരളം

99

Newsletter of
DIRECTORATE OF INDUSTRIES & COMMERCE
Government of Kerala

www.industry.kerala.gov.in

15 FEBRUARY 2026


## എം.എസ്.എം.ഇ.കളെ ആഗോള വിപണിയിലേക്ക് കൈപിടിച്ചുയർത്താൻ

# ട്രേഡെക്സ് കേരള 2026




കേരളത്തിലെ സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായ (MSME) മേഖലയ്ക്ക് ആഗോള വിപണിയിലേക്ക് നേരിട്ട് പ്രവേശനം നൽകുന്ന ഒരു സുപ്രധാന ചുവടുവെയ്പ്പിന് ഒരുങ്ങുകയാണ് സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പ്. ലോക ബാങ്കിന്റെ പിന്തുണയോടെ കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന റാംപ് (RAMP - Racing & Accelerating MSME Performance) പദ്ധതിക്ക് കീഴിൽ സംസ്ഥാനത്ത് സംഘടിപ്പിക്കുന്ന സുപ്രധാന പരിപാടിയാണ് ട്രെഡെക്സ് കേരള 2026. 2026 ഫെബ്രുവരി 17,18 തീയതികളിൽ കൊച്ചി ലെ മെറിഡിയൻ ഹോട്ടലിലെ ഗൾഫാർ കൺവെൻഷൻ സെന്ററിലാണ് അന്താരാഷ്ട്ര റിവേഴ്സ് ബയർ - സെല്ലർ മീറ്റായ (RBSM) ട്രെഡെക്സ് 2026 സംഘടിപ്പിക്കുന്നത്.

വ്യവസായ വാണിജ്യ ഡയറക്ടറേറ്റും ഫെഡറേഷൻ ഓഫ് ഇന്ത്യൻ എക്സ്പോർട്ട് ഓർഗനൈസേഷനും (FIEO) സംയുക്തമായാണ് ട്രേഡെക്സ് കേരള 2026 സംഘടിപ്പിക്കുന്നത്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള പ്രമുഖ ബയർമാരെയും വ്യവസായ പ്രതിനിധികളെയും കേരളത്തിലേക്ക് എത്തിച്ച്, പ്രാദേശിക സംരംഭകർക്ക് നേരിട്ടുള്ള ബിസിനസ് ചർച്ചകൾ (B2B Meetings) നടത്തുന്നതിനുള്ള വേദിയാണ് ട്രേഡെക്സ് കേരള 2026. മുന്നൂറിലധികം സൂക്ഷ്മ - ചെറുകിട - ഇടത്തരം സംരംഭകരും മുപ്പതിലേറെ അന്താരാഷ്ട്ര ബയർമാരും വ്യവസായ പ്രതിനിധികളും പരിപാടിയിൽ പങ്കാളികളാകും. ഇടനിലക്കാരില്ലാതെ ആഗോളതലത്തിലെ ആവശ്യകതകൾ മനസ്സിലാക്കാനും, ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കാനും, കയറ്റുമതി സാധ്യതകൾ കണ്ടെത്താനും ട്രെഡെക്സ് കേരള 2026 എംഎസ്എംഇകളെ സഹായിക്കും.

കേരളത്തിന്റെ കയറ്റുമതി സാധ്യതകളും വ്യാവസായിക ശക്തിയും ലോകത്തിന് മുന്നിൽ പ്രദർശിപ്പിക്കുക. എംഎസ്എംഇകൾക്ക് അന്താരാഷ്ട്ര വ്യവസായികളും അവരുടെ പ്രധിനിധികളുമായി നേരിട്ടുള്ള ബിസിനസ് ടു ബിസിനസ് (B2B) മീറ്റിംഗുകൾക്ക് സൗകര്യമൊരുക്കുക. അന്വേഷണങ്ങൾ, ധാരണാപത്രങ്ങൾ (MoUs), കയറ്റുമതി ഓർഡറുകൾ എന്നിങ്ങനെയുള്ള നേട്ടങ്ങൾ കൈവരിക്കുക എന്നിവയാണ് മീറ്റിന്റെ ലക്ഷ്യങ്ങൾ.

## കാർഷിക - ഭക്ഷ്യ സംസ്കരണ മേഖലക്ക് പ്രോത്സാഹനമേകാൻ

# കേരള അഗ്രോ ഫുഡ് പ്രോ 2026

കേരളത്തിലെ കാർഷിക ഭക്ഷ്യ സംസ്കരണ മേഖലയിലെ ഉൽപ്പന്നങ്ങളും സാങ്കേതികവിദ്യകളും പ്രദർശിപ്പിക്കുന്നതിനായി വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് സംസ്ഥാന തലത്തിൽ കേരളാ അഗ്രോ ഫുഡ്പ്രോ 2026 സംഘടിപ്പിക്കുന്നു. 2026 ഫെബ്രുവരി 21 മുതൽ 23 വരെ എറണാകുളം ജില്ലയിൽ കളമശ്ശേരിയിലെ ചാക്കോളാസ് പവലിയനിൽ സംഘടിപ്പിക്കുന്ന കേരളാ അഗ്രോ ഫുഡ്പ്രോ 2026 ന്റെ ഉദ്ഘാടനം 2026 ഫെബ്രുവരി 21ന് ബഹു. വ്യവസായ, നിയമ, കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് നിർവഹിക്കും. ബഹു. കളമശ്ശേരി മുനിസിപ്പൽ ചെയർമാൻ ശ്രീ. ജമാൽ മണക്കാടൻ ചടങ്ങിൽ അദ്ധ്യക്ഷത വഹിക്കും.

കാർഷിക സംരംഭകർക്ക് വിപണി കണ്ടെത്താനും, സാങ്കേതിക വിദ്യകൾ പരിചയപ്പെടാനും, ഭക്ഷ്യ സംസ്കരണ മേഖലയെ പ്രോത്സാഹിപ്പിക്കാനും ലക്ഷ്യമിടുന്ന മേളയിൽ മൂല്യവർദ്ധിത കാർഷിക - ഭക്ഷ്യസംസ്ക്കരണ ഉത്പ്പന്നങ്ങൾ, യന്ത്രസാമഗ്രികൾ എന്നിവയുടെ പ്രദർശനവും ഉൾപ്പെടുന്നു.

# പ്രതിരോധ - സാങ്കേതിക മികവിൽ കെൽട്രോൺ

## ഉൽപന്നങ്ങൾ സൗത്ത് ഏഷ്യ, നോർത്ത് ആഫ്രിക്കൻ രാജ്യങ്ങളിലേക്ക്



കേരളത്തിന്റെ വ്യവസായ മേഖലയ്ക്ക് പുത്തൻ ഉണർവ് നൽകിക്കൊണ്ട് കെൽട്രോണിന്റെ രണ്ട് സുപ്രധാന പദ്ധതികളുടെ കരാറുകൾ ഒപ്പിട്ടു. 2026 ഫെബ്രുവരി 11 ന് കളമശ്ശേരി ചക്കോളാസ് കൺവെൻഷൻ സെന്ററിൽ നടന്ന ചടങ്ങിൽ ബഹു. വ്യവസായ നിയമ കയർ വകുപ്പ് മന്ത്രി ശ്രീ. പി രാജീവിന്റെ സാന്നിധ്യത്തിലാണ് കരാറുകൾ ഒപ്പിട്ടത്. സൗത്ത് ഏഷ്യ നോർത്ത് ആഫ്രിക്ക നാവികസേനയുമായുള്ള 18 കോടി രൂപയുടെ പാസീവ് സോണാർ കയറ്റുമതി കരാർ, കോക്കോണിക്സ് ലാപ്ടോപ്പ് നിർമാണ യൂണിറ്റിന്റെ പുനരുദ്ധാരണത്തിനായുള്ള ഓഹരി കൈമാറ്റം എന്നിവയുടെ ഔദ്യോഗിക പ്രഖ്യാപനങ്ങളാണ് ചടങ്ങിൽ നടന്നത്.

2025ൽ കെൽട്രോൺ 300 സോണാർ ഘടകങ്ങൾ നിയോ പവർ വഴി കൃത്യസമയത്ത് മികച്ച ഗുണനിലവാരത്തോടെ കയറ്റുമതി നടത്തി സാങ്കേതിക മികവും കൃത്യനിഷ്ഠയും തെളിയിക്കപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് മുംബൈ ആസ്ഥാനമായ 'മെസേഴ്സ് നിയോ പവർ' വഴിയുള്ള സൗത്ത് ഏഷ്യ - നോർത്ത് ആഫ്രിക്ക രാജ്യങ്ങളുമായുള്ള കരാർ യാഥാർത്ഥ്യമായത്. കെൽട്രോണിന്റെ ചരിത്രത്തിലെ ഏറ്റവും വലിയ ഒറ്റത്തവണ കയറ്റുമതി ഓർഡറാണിത്.

2019ൽ കെൽട്രോൺ, കെഎസ്ഐഡിസി, യുഎസ്ടി ഗ്ലോബൽ എന്നിവർ ചേർന്ന് രൂപീകരിച്ച കമ്പനിയാണ് കോക്കോണിക്സ്. തമിഴ്നാട്, ഒഡീഷ തുടങ്ങിയ സംസ്ഥാനങ്ങളിലെ സ്മാർട്ട് ക്ലാസ് റൂം പദ്ധതികളിൽ കെൽട്രോണുമായി സഹകരിച്ച് പ്രവർത്തിക്കുന്ന ചെന്നൈ ആസ്ഥാനമായ 'കെ എസ് സ്മാർട്ട്' കോക്കോണിക്സിന്റെ 40 ശതമാനം ഓഹരികൾ ഏറ്റെടുക്കാനാണ് രണ്ടാമത്തെ കരാർ.

# കേരളാ പേപ്പർ പ്രോഡക്ട്സിന് 741 കോടി രൂപയുടെ വിപുലീകരണ പദ്ധതിക്ക് അനുമതി

സംസ്ഥാന വ്യവസായ വകുപ്പിന് കീഴിലുള്ള വെള്ളൂർ കേരളാ പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ് (കെ.പി.പി.എൽ) ആവിഷ്കരിച്ച 741 കോടി രൂപ മുതൽ മുടക്കുള്ള ബൃഹത്തായ തുടർ വികസന പദ്ധതിക്ക് സംസ്ഥാന മന്ത്രിസഭാ യോഗം അംഗീകാരം നൽകി. ഉൽപാദനശേഷി വർദ്ധിപ്പിക്കലും ഉൽപ്പന്ന വൈവിധ്യവൽക്കരണവും ലക്ഷ്യമിട്ടാണ് പദ്ധതി നടപ്പാക്കുന്നത്. 2019 ൽ കേന്ദ്ര സർക്കാർ അടച്ചു പൂട്ടിയ വെള്ളൂർ എച്ച്.എൻ.എൽ സംസ്ഥാന സർക്കാർ ഏറ്റെടുത്ത ശേഷം പുതുതായി രൂപീകരിച്ചതാണ് കെ.പി.പി.എൽ. അടച്ചു പൂട്ടിയ ഒരു കേന്ദ്ര പൊതുമേഖലാ സ്ഥാപനം സംസ്ഥാനം ഏറ്റെടുത്ത് പുന:സംഘടിപ്പിക്കുകയും വിജയകരമായി നടത്തുകയും മാത്രമല്ല, അതി ബൃഹത്തായ തുടർ വികസന പദ്ധതി ആവിഷ്കരിക്കുകയും ചെയ്യുന്നത് ഇന്ത്യയുടെ ചരിത്രത്തിലാദ്യമാണ്.




സർക്കാരിൻറെ ഓഹരി പങ്കാളിത്തമായി 175 കോടി രൂപയും, കെ.എസ്.ഐ ഡി.സി യുടെ ഓഹരി പങ്കാളിത്തമായി 25 കോടി രൂപയും ആണ് അനുവദിച്ചിരിക്കുന്നത്. 541 കോടി രൂപ ബാങ്കുകളുടെ കൺസോർഷ്യം വഴി ലഭ്യമാക്കും. വിപണി ആവശ്യങ്ങളും, പ്ലാസ്റ്റിക്ക് നിരോധനം ഉൾപ്പെടെയുള്ള പാരിസ്ഥിതിക നിയന്ത്രണങ്ങളും, ഉപഭോക്താക്കളുടെ അഭിരുചി മാറ്റവും ചേർന്ന് ഉയർന്ന നിലവാരത്തിലുള്ള പേപ്പർ ഉൽപന്നങ്ങൾക്ക് വലിയ വളർച്ചാ സാധ്യതയാണ് കണക്കാക്കുന്നത്. ഇ - കോമേഴ്സ്, ഭക്ഷ്യവസ്തുകളുടെ വിതരണം, റീട്ടെയിൽ എന്നീ മേഖലകളുടെ വളർച്ചയോടൊപ്പം പേപ്പർ ഉൽപ്പന്നങ്ങളുടെ ആവശ്യവും ഗണ്യമായി ഉയർന്നു വരികയാണ്. നോട്ട് ബുക്കുകൾ, ടെക്സ്റ്റ് ബുക്കുകൾ, ഓഫീസ് ആവശ്യങ്ങൾ എന്നിവയ്ക്കായി ഉപയോഗിക്കുന്ന റൈറ്റിംഗ് & പ്രിൻറിംഗ് പേപ്പർ, കോപ്പിയർ പേപ്പർ മുതലായ പേപ്പർ ഉൽപ്പന്നങ്ങൾക്കും രാജ്യവ്യാപകമായി ആവശ്യം നിരന്തരം ഉയരുന്നുണ്ട്.

സ്പെഷ്യാലിറ്റി ഗ്രേഡുകളുടെയും, ഗുണമേന്മയുള്ള പാക്കേജിംഗ് ഗ്രേഡുകളുടെയും, റൈറ്റിംഗ് & പ്രിൻറിംഗ് പേപ്പർ ഗ്രേഡുകളുടെയും ദൈനംദിന ആവശ്യകത സംസ്ഥാനത്ത് കൂടുതലാണെങ്കിലും ഉയർന്ന ചരക്കുകൂലി നൽകി ഇവയെല്ലാം അന്യസംസ്ഥാനങ്ങളിൽ നിന്നും വാങ്ങുകയാണ് ചെയ്യുന്നത്. ഈ സാഹചര്യത്തിൽ ഒരു 'പേപ്പർ ക്ലസ്റ്റർ' രൂപീകരിച്ച് സാധ്യതകളെ പൂർണ്ണമായി ഉപയോഗിക്കാനാണ് വിപുലീകരണ പദ്ധതി ലക്ഷ്യമിടുന്നത്.

പദ്ധതി പൂർത്തീകരിച്ച് പ്ലാൻറുകൾ പൂർണ്ണമായും പ്രവർത്തനക്ഷമമാക്കുന്നതോടെ 1500 കോടി രൂപ വിറ്റുവരവ് ഉള്ള സ്ഥാപനം ആയി കെ.പി.പി.എൽ മാറും. 24 മാസത്തിനുള്ളിൽ പദ്ധതി പൂർത്തിയാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

ഇന്ത്യയിലെ ഏറ്റവും വലിയ പത്രക്കടലാസ് നിർമ്മാണ സ്ഥാപനമായിരുന്ന ഹിന്ദുസ്ഥാൻ ന്യൂസ്പ്രിൻറ് ലിമിറ്റഡിൻറെ വലിപ്പവും, സാങ്കേതികതയും ഉള്ള ബൃഹത്തായ ഒരു സ്ഥാപനം മൂന്നര കൊല്ലത്തിലേറെ നീണ്ട അടച്ചുപൂട്ടലിന് ശേഷം പുനരുദ്ധാരണ പ്രവർത്തനങ്ങളിലൂടെ പ്രവർത്തനസജ്ജമാക്കുകയും വൈവിധ്യ വൽക്കരണത്തിലൂടെ രാജ്യത്തെ കടലാസ് നിർമ്മാണ സ്ഥാപനങ്ങളുടെ മുൻ നിരയിലേക്ക് എത്തുന്നത് ഇന്ത്യയുടെ വ്യവസായ ചരിത്രത്തിൽ തന്നെ സമാനതകളില്ലാത്തതാണ്.

## റയോൺസ് ഭൂമിയിൽ 'കാൽനൂറ്റാണ്ടിനുശേഷം' വ്യവസായം തളിരിട്ടു

**അടച്ചുപൂട്ടിയ ട്രാവൻകൂർ റയോൺസ് കമ്പനിയുടെ സ്ഥലത്ത് വ്യവസായിക ഉത്പാദനം ആരംഭിച്ചു**




കാൽനൂറ്റാണ്ടായി അടച്ചുപൂട്ടിക്കിടന്ന പെരുമ്പാവൂരിലെ ട്രാവൻകൂർ റയോൺസ് കമ്പനിയുടെ ഭൂമി കിൻഫ്ര പാർക്കായി മാറുന്നു. പ്രമുഖ ഇലക്ട്രോണിക്സ് സിസ്റ്റം ആന്റ് ഡിസൈൻ മാനുഫാക്ചറിംഗ് കമ്പനിയായ കെയ്ൻസ് ടെക്നോളജിയുടെ (Kaynes Technology) 350 കോടി രൂപയുടെ പദ്ധതിയുടെ ഒന്നാം ഘട്ട ഉദ്ഘാടനം 2026 ഫെബ്രുവരി 11 ന് ബഹു. വ്യവസായ നിയമ കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് നിർവഹിച്ചു .

റയോൺസിൽനിന്ന് സർക്കാർ ഏറ്റെടുത്ത സ്ഥലത്ത് കിൻഫ്ര വികസിപ്പിച്ച വ്യവസായ പാർക്കിൽ 15,000 ചതുരശ്രയടി കെട്ടിടം നവീകരിച്ചാണ് ഫാക്ടറി സജ്ജമാക്കി കെയ്ൻസിന് ഭൂമി കൈമാറിയത്. നാലുമാസംകൊണ്ട് ആദ്യഘട്ടം സജ്ജമായി. രണ്ടാംഘട്ടമായി നിർമിക്കുന്ന 80,000 ചതുരശ്രയടി ബിൽഡിങ്ങിന്റെ നിർമാണോദ്ഘാടനവും നടന്നു.

കമ്പനിയുടെ അടുത്ത രണ്ടുഘട്ടങ്ങൾ എട്ടുമാസം വീതമെടുത്ത് പൂർത്തിയാക്കുമെന്ന് കെയ്ൻസ് മാനേജ്മെന്റ് ഉറപ്പുനൽകിയിട്ടുണ്ട്. കഴിഞ്ഞവർഷം കൊച്ചിയിൽ നടന്ന ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിൽ വന്ന നിക്ഷേപ വാഗ്ദാനം കൂടിയാണ് ഇതിലൂടെ യാഥാർഥ്യമായത്. വാഹനങ്ങൾ, റെയിൽവേ, മെഡിക്കൽ, വ്യോമയാനം തുടങ്ങി വിവിധ മേഖലകൾക്ക് ആഗോളതലത്തിൽ ഇലക്ട്രോണിക് ഉൽപ്പന്നങ്ങൾ രൂപകൽപ്പനചെയ്ത് നിർമിക്കുന്ന മൈസൂരു ആസ്ഥാനമായുള്ള കമ്പനി സംസ്ഥാനത്ത് 350 കോടിയുടെ നിക്ഷേപമാണ് നടത്തുന്നത്.

## കെ.എം.എം.എൽ കെൽട്രോൺ എൻ.എഫ്.ടി.ഡി.സി സംയുക്ത മിഷൻ 'റെയർ എർത്ത് കോറിഡോർ'



ചൈനയുടെ കുത്തകയായ ആഗോള പെർമനന്റ് മാഗ്നറ്റ് വിപണിയിൽ ഇന്ത്യയുടെ കരുത്തായി മാറാൻ കേരളം ഒരുങ്ങുന്നു. കെ.എം.എം.എല്ലിനോട് ചേർന്ന് 'റെയർ എർത്ത് കോറിഡോർ' സ്ഥാപിക്കുന്നതിലൂടെ 42,000 കോടിരൂപയുടെ നിക്ഷേപവും 50,000 പുതിയ തൊഴിലവസരങ്ങളുമാണ് സംസ്ഥാനം ലക്ഷ്യമിടുന്നത്. വിഴിഞ്ഞം തുറമുഖം വഴി ചവറയെയും കൊച്ചിയെയും ബന്ധിപ്പിക്കുന്ന ഈ വ്യവസായ ഇടനാഴി കേരളത്തിന്റെ സാമ്പത്തിക ഭൂപടത്തെ തന്നെ മാറ്റിവരയ്ക്കും.

കൊല്ലം നീണ്ടകര മുതൽ ആലപ്പുഴ തോട്ടപ്പള്ളി വരെയുള്ള തീരപ്രദേശത്തെ ധാതുമണലിൽ അടങ്ങിയിരിക്കുന്ന മോണോസൈറ്റിനെ ലോകോത്തര ഉൽപ്പന്നങ്ങളാക്കി മാറ്റുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. നിലവിൽ കെ.എം.എം.എൽ ശേഖരിച്ചുവെച്ചിരിക്കുന്ന ഒന്നേകാൽ ലക്ഷം ടണ്ണോളം വരുന്ന മോണോസൈറ്റിൽ നിന്നും നിയോഡൈമിയം, പ്രസിയോഡൈമിയം തുടങ്ങിയ ലോഹങ്ങൾ വേർതിരിച്ചെടുത്ത് ഇലക്ട്രിക് വാഹനങ്ങൾക്കും കാറ്റാടി യന്ത്രങ്ങൾക്കും ആവശ്യമായ അതിശക്തമായ കാന്തങ്ങൾ നിർമ്മിക്കാൻ സാധിക്കും.

Designed and Published by Kerala Bureau of Industrial Promotion (KBIP) on behalf of
Directorate of Industries & Commerce, Government of Kerala, Vikas Bhavan, Thiruvananthapuram.